**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 424** **16-09-2025 - ൽ മറുപടിയ്ക്ക്**

**ടേക്ക് എ ബ്രേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ടേക്ക് എ ബ്രേക്ക് പദ്ധതി പലസ്ഥലങ്ങളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (എ) | ഉണ്ട് .<br><br>ഇത് പരിഹരിക്കുന്നതിനായി കുടുംബശ്രീ മിഷനുമായി ചേർന്ന് സർവ്വേ നടത്തി, അതനുസരിച്ച് പ്രവർത്തന ക്ഷമമല്ലാത്തവ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പരിപാലന ചുമതല കുടുംബശ്രീയെ ഏൽപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സാമ്പത്തിക പ്രശ്നം മുഖാന്തിരം പ്രവർത്തനം നിലച്ചവയ്ക്ക് പ്രശ്നപരിഹാരത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് ശുചിത്വവും നിലവാരമുള്ളതുമായ പബ്ലിക്ക് ടോയ്‌ലെറ്റുകൾ ഉറപ്പ് വരുത്തുന്നതിന് ഇവയുടെ പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പബ്ലിക്ക് ടോയ്‌ലെറ്റുകൾ കണ്ടെത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കിയിട്ടും പ്രവർത്തിപ്പിക്കാൻ കഴിയാത്ത പദ്ധതികളെ വരുമാന മാർഗ്ഗത്തിനുള്ള മറ്റ് പദ്ധതികളായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ